# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.253 15.12.2015 ൽ മറുപടിക്ക്

## പൈതൃക കെട്ടിട സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ വി ഡി സതീശൻ<br>ശ്രീ സി പി മുഹമ്മദ്<br>ശ്രീ അൻവർ സാദത്ത്<br>ശ്രീ വർക്കല കഹാർ | ശ്രീ വി കെ ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;<br>(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലുള്ള പൈതൃക കെട്ടിടങ്ങളെ സംരക്ഷിക്കാനുള്ള മാർഗ്ഗ രേഖകൾ രൂപീകരിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) 31.01.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നം.154/2012/പൊ.മ.വ. പ്രകാരം പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണ-ത്തിനായി ഒരു പ്രത്യേക സെൽ രൂപീകരിക്കുകയും 05.10.2012 ലെ സർക്കാർ ഉത്തരവ് (സാധാ)നം.1698/12/ പൊ.മ.വ. പ്രകാരം പൊതു മരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച എംപാനൽഡ് ആർക്കിടെക്റ്റുമാരുടെ ലിസ്റ്റ് അംഗീകരിക്കുകയും പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ടി ലിസ്റ്റിൽ ഉൾപ്പെട്ട ആർക്കിടെക്റ്റുമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം 16 പൈതൃക നിർമ്മിതികളെ തെരഞ്ഞെടുക്കുകയും 10 നിർമ്മിതികളുടെ ആധാരരേഖകളുടെയും, പ്രമാണഗ്രന്ഥങ്ങളുടെയും പരിശോധന പൂർത്തിയാക്കി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 16 പൈതൃക നിർമ്മിതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത പൈതൃക കെട്ടിടങ്ങളിൽ ഗവണ്മെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം; കേരള പാലസ്,കുറ്റാലം; ടൗൺഹാൾ തൃശ്ശൂർ; കൊച്ചി സ്റ്റേറ്റ് അസംബ്ലി ഹാൾ, ഗവണ്മെന്റ് ലോ കോളേജ്, എറണാകുളം; മഹാരാജാസ് കോളേജ്, എറണാകുളം; യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എന്നിവയുടെ ഡോക്യുമെന്റേഷൻ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ഗവണ്മെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം
2. കേരള പാലസ്, കുറ്റാലം
3. ടൗൺ ഹാൾ, തൃശ്ശൂർ
4. റെസ്റ്റ് ഹൗസ്, ഫോർട്ട് കൊച്ചി
5. കോടതി സമുച്ചയം, നോർത്ത് പറവൂർ
6. കൊച്ചി സ്റ്റേറ്റ് അസംബ്ലി ഹാൾ, ഗവണ്മെന്റ് ലോ കോളേജ്, എറണാകുളം,
7. കോടതി സമുച്ചയം, കൊയിലാണ്ടി
8. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, കോഴിക്കോട്
9. ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്
10. ഗവണ്മെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി
11. മഹാരാജാസ് കോളേജ്, എറണാകുളം,
12. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
13. കെ.എൻ.എം.ഗവണ്മെന്റ് വിമൻസ് കോളേജ്, കണ്ണൂർ
14. ഗവണ്മെന്റ് ടീച്ചർ എഡ്യൂക്കേഷൻ കോളേജ്, തിരുവനന്തപുരം
15. ഗവണ്മെന്റ് ടീച്ചർ എഡ്യൂക്കേഷൻ കോളേജ്, തലശ്ശേരി
16. സ്വാതി തിരുനാൾ മ്യൂസിക് കോളേജ്, തിരുവനന്തപുരം

(signature)

സെക്ഷൻ ഓഫീസർ